**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2138** **13-09-2023 - ൽ മറുപടിയ്ക്ക്**

**ആശ്രിതനിയമന രീതി മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോടതിവിധികളുടെ അടിസ്ഥാനത്തിൽ ആശ്രിതനിയമനത്തിന് വർഷങ്ങൾ കാത്തിരിക്കേണ്ടി വരുന്ന അവസ്ഥയും ആശ്രിതരുടെ പ്രായം കണക്കിലെടുക്കുമ്പോൾ ചില വകുപ്പുകളിൽ നിയമനം ലഭിക്കാത്ത അവസ്ഥയും സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിവിധ ഹർജികളിലെ ഉത്തരവ് ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 10.04.2019-ൽ ശരിവച്ചതിന്റെ അടിസ്ഥാനത്തിൽ, മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആശ്രിത നിയമനത്തിന് ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമാണ് നീക്കിവെക്കുന്നത്.<br><br>ഇത് മൂലം ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ആശ്രിത നിയമനത്തിലെ കാലതാമസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി, സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. |
| (ബി) | തത്വത്തിൽ ആശ്രിത നിയമനം കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ നിറവേറ്റപ്പെടാനും അവസ്ഥയിൽ ഇപ്പോഴത്തെ നിയമന രീതി മാറിയിരിക്കുന്നതിനെ മറികടക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിവിധ ഹർജികളിലെ ഉത്തരവ് ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 10.04.2019-ൽ ശരിവച്ചതിന്റെ അടിസ്ഥാനത്തിൽ, മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആശ്രിത നിയമനത്തിന് ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമാണ് നീക്കിവെക്കുന്നത്.<br><br>ഇത് മൂലം ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ആശ്രിത നിയമനത്തിലെ കാലതാമസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി, സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. |
| (സി) | ആശ്രിതനിയമനം 5% ആയി നിജപ്പെടുത്തിയ കോടതി വിധിയിന്മേൽ അപ്പീൽ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വിധിന്യായം പുനഃപരിശോധിക്കുവാൻ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ ബഹു. ഹൈക്കോടതി 09.11.2021-ൽ തള്ളിയിരുന്നു. |

സെക്ഷൻ ഓഫീസർ